**Day 73 of 90 days** ✝ ✝ ✝ **6th January 2018**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

താഴെയുള്ള അനുഭവം എന്താണെന്ന് അവയ്ക്കു വ്യക്തമല്ലെങ്കിലും ഇടയനെ വിശ്വാസമുള്ള ആടുകൾ ഇടയന്റെ പിന്നാലെ പോകുന്നു. ഒടുവിൽ താഴെ എത്തുന്നു. അതാ, അവിടെ നല്ല തണുപ്പുള്ള നിശ്ചലജലം. അവിടെ ഇടയൻ നിൽക്കുന്നു. ആടുകൾ ഓരോന്നോരോന്നായി ഭയപ്പെടാതെ ഇറങ്ങി നിന്നു കുടിക്കുന്നു. അവസാനത്തെ ആടും കുടിക്കുന്നതുവരെ ഇടയൻ അവിടെത്തന്നെ നിൽക്കും. എല്ലാം കുടിച്ചു എന്നു ബോദ്ധ്യപ്പെട്ടു കഴിയുമ്പോൾ ഇടയൻ മുകളിലേക്കു കയറുകയും ആടുകൾ തന്നെ അനുഗമിക്കുകയും ചെയ്യുന്നു. ക്രിസ്തീയജീവിതത്തിലെ ഒരു പ്രത്യേക അനുഭവത്തെയാണ് ഇത് കാണിക്കുന്നത്. ചില ദൈവമക്കൾ തങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആത്മീയജലം പാനം ചെയ്യുന്നതിനായി, നമ്മുടെ ഇടയൻ അവരുടെ ജീവിതത്തിൽ ചില പ്രത്യേക രംഗങ്ങൾ ഒരുക്കാറുണ്ട്. ചില കുഴികളിലേക്ക് ഇറങ്ങുവാൻ അവൻ നമ്മെ നിർബന്ധിച്ചുവെന്നു വരാം. അതായത്, നാം പ്രതീക്ഷിക്കാത്ത ചില പ്രയാസരംഗങ്ങളിലേക്ക് അവൻ നമ്മെ നയിച്ചുവെന്ന് വരാം. അവിടേക്ക് ഇറങ്ങുവാൻ നമുക്ക് പ്രയാസമായിരിക്കും. ഇടുങ്ങിയതും പ്രകാശമില്ലാത്തതുമായ ആ പാതയിലൂടെ താഴേക്കിറങ്ങുക. ഇറങ്ങുന്തോറും തണുപ്പും ഇരുട്ടും വർദ്ധിക്കുന്നു. താഴെ അററം കാണാതെ നാം ആകെ ഭയപ്പെടുന്നു.'എന്റെ കർത്താവേ! എന്നെ എവിടേക്കാണ് നയിക്കുന്നത്, എല്ലാം തകരുവാൻ പോകുകയാണോ, ആശയ്ക്കുള്ള യാതൊരു വകയും കാണുന്നില്ലല്ലോ'. ഈ വിധ രംഗങ്ങളിലേക്ക് ഇടയൻ നമ്മെ നയിച്ചിട്ടുണ്ടോ, ഭയപ്പെടേണ്ട, നാം അല്പം ആത്മീയജലം കുടിക്കേണ്ടതായ ആവശ്യമുണ്ടെന്നു മനസ്സിലാക്കിയ ഇടയൻ നമ്മെ ആ വെള്ളത്തിലേക്ക് നയിക്കുകയാണ്. അതിരാവിലെ എഴുന്നേററ് പ്രഭാതമഞ്ഞ് പാനം ചെയ്യാത്ത ആടുകളെയെല്ലാം ഇടയൻ നിർബന്ധമായി ഇതിലേക്ക് നയിക്കാറുണ്ട്. ദൈവം നൽകുന്ന സന്ദർഭത്തെ തക്കത്തിൽ ഉപയോഗിക്കാത്ത പലരുണ്ട്. അവർ ഈ സാഹചര്യങ്ങളിലേക്ക് ഇറങ്ങുവാൻ പലപ്പോഴും നിർബന്ധിക്കപ്പെടാറുണ്ട്. അപ്രകാരമുള്ളവരാണ് ഈ രംഗത്ത് ഭയപ്പെട്ടു നിലവിളിക്കുന്നത്. രംഗത്തിന്റെ ലക്ഷ്യം അവർ മനസ്സിലാകുന്നില്ല. എന്നാൽ അപ്രകാരമുള്ള രംഗത്ത് നാം ഭയപ്പെടേണ്ടതില്ല, എന്തെന്നാൽ നമ്മുടെ ഇടയൻ നമ്മോടുകൂടെയുണ്ട്. ഈ രംഗത്ത് തികഞ്ഞ അന്ധകാരവും വല്ലാത്ത തണുപ്പും ആയിരിക്കും. പക്ഷെ നാം ഒററയ്ക്കല്ല ഇടയൻ കൂടെയുണ്ട്. അവൻ പോകുവാൻ പറയുന്നവനല്ല, എന്റെ പിന്നാലെ വരിക എന്നു പറയുന്നവനാണ്. നാം അവനെ അനുഗമിച്ചാൽ മതി. അധികം താമസിയാതെ ആ ജീവജലത്തിന്റെ സവിധത്തിൽ നാം എത്തും. ഭയപ്പെടാതെ കുടിക്കുക. ഇടയൻ നമ്മെ അവിടേക്ക് നയിച്ചത്, നാം അവിടെ നിന്നും കുടിക്കേണ്ടതിനാണ്. കുടിക്കുക, മതിവരുവോളം കുടിക്കുക. ഇടയൻ അത് നോക്കി നിൽക്കുകയാണ്.

തുടരും...